# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1099** 04.02.2019 ൽ മറുപടിക്ക്

### നിർമ്മാണം നിലച്ചുപോയ കെട്ടിടങ്ങൾ

| ചോദ്യം<br>ശ്രീ.മഞ്ഞളാംകുഴി അലി | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) പൊതുമരാമത്ത് വകുപ്പ് മുഖേന വിവിധ വകുപ്പുകൾക്ക് കീഴിൽ നിർമ്മാണം ആരംഭിച്ച് പൂർത്തിയാക്കാനാകാതെ നിർമ്മാണം നിലച്ചുപോയ എത്ര കെട്ടിടങ്ങൾ നിലവിലുണ്ടെന്നത് സംബന്ധിച്ച് എന്തെങ്കിലും കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; എങ്കിൽ വകുപ്പ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; ഇത്തരത്തിൽ കണക്ക് സൂക്ഷിച്ചിട്ടില്ലെങ്കിൽ ആയത് തയ്യാറാക്കുമോ; | (എ) & (ബി) ഉത്തരം അനുബന്ധമായി ചേർക്കുന്നു |
| (ബി) ഇത്തരത്തിൽ നിർമ്മാണം നിലച്ചുപോയ കെട്ടിടങ്ങൾ പൂർത്തിയാക്കുന്നതിനോ പൂർത്തിയാക്കാനാവാത്ത വിധം ബലക്ഷയം സംഭവിച്ച കെട്ടിടങ്ങൾ പുനർനിർമ്മിക്കുന്നതിനോ എന്തെങ്കിലും നടപടികൾ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നമ്പർ | ജില്ല | നിർമ്മാണം നിലച്ച പോയ കെട്ടിടങ്ങൾ | പുനർ നിർമ്മാണത്തിന് സ്വീകരിച്ച നടപടികൾ |
|---|---|---|---|
| 1 | തിരുവനന്തപുരം | ആര്യനാട് ഐ.ടി.ഐ ഹോസ്റ്റൽ നിർമ്മാണം | സൈറ്റിൽ നിന്ന് ഇലക്ട്രിക്കൽ ഉപകരണങ്ങൾ സമയബന്ധിതമായി പൊളിച്ച മാറ്റാത്തത് മൂലം കെട്ടിടം ലേലം ചെയ്യുന്നതിനും പൊളിച്ച മാറ്റി സൈറ്റ് ക്ലിയർ ചെയ്യുന്നതിനും ഉണ്ടായ കാലതാമസമാണ് വർക്ക് നിലയ്ക്കാൻ കാരണം. ഈ പ്രവൃത്തി കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ നിന്നും ഒഴിവാക്കി പുന:ക്രമീകരിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. |
| 2 | കൊല്ലം | കുണ്ടറ റസ്റ്റ് ഹൗസിനു വേണ്ടി നിർമ്മിക്കുന്ന കെട്ടിടം കരാറുകാരൻ ഫയൽ ചെയ്ത കേസിൽ കോടതി നിർദ്ദേശത്തെ തുടർന്നാണ് നിർമ്മാണം നിലച്ചത്. | കേസ് തടസ്സം ഒഴിവാക്കി നിർമ്മാണം തുടരാനുള്ള നടപടികൾ നടന്നു വരുന്നു. |
| 3 | കോട്ടയം | എ) ജില്ലാ പബ്ലിക് സർവ്വീസ് കമ്മീഷൻ, കോട്ടയം പുതിയ കെട്ടിട നിർമ്മാണം.<br>ബി) മിനി സിവിൽ സ്റ്റേഷൻ, കോട്ടയം ബി & സി ബ്ലോക്ക് നിർമ്മാണം | എ) കരാറുകാരനെ റിസ്ക് & കോസ്റ്റിൽ ഉൾപ്പെടുത്തി ഒഴിവാക്കിയിട്ടുള്ളതും റീടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നതുമാണ്.<br>ബി) B&C ബ്ലോക്കിനു വേണ്ടി വിഭാവനം ചെയ്ത കെട്ടിടത്തിൽ പണിയാൻ തീരുമാനിച്ചിരുന്ന പ്ലാനിംഗ് ഡിപ്പാർട്ട്മെന്റിന്റെ ഓഫീസ്, പ്രത്യേകം പണിയുന്നതിന് പ്ലാനിംഗ് വകുപ്പ് തീരുമാനിച്ചതിനാൽ അതൊഴികെ B&C ബ്ലോക്കിന്റെ നിർമ്മാണം ആരംഭിക്കുകയും പുരോഗമിക്കുകയും ചെയ്തു. തുടർന്ന് പാർട്ട് ബില്ലുകൾ സമർപ്പിക്കുകയും ചെയ്തു. എന്നാൽ ഈ പ്രവൃത്തിക്ക് നൽകിയ ഭരണാനുമതിയിൽ പ്ലാനിംഗ് വകുപ്പിന്റെ ഹെഡ് ഓഫ് അക്കൗണ്ട് ആണ് അനുവദിച്ചത്. ആയതിനാൽ ബിൽ തുക നൽകാൻ കഴിയാതെ വരികയും ആരംഭിച്ച പ്രവൃത്തി നിർത്തി വയ്ക്കേണ്ടി വരികയും ചെയ്തു. ഇപ്പോൾ ചെയ്തു തീർത്ത പ്രവൃത്തിക്കുള്ള തുകയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| 4 | എറണാകുളം | എ) കുട്ടമ്പുഴ വില്ലേജ് ഓഫീസിന്റെയും റസിഡൻഷ്യൽ ക്വാർട്ടേഴ്സിന്റെയും നിർമ്മാണം<br>ബി) കോർട്ട് കോംപ്ലക്സ്, മട്ടാഞ്ചേരി | എ) കെ.എസ്.ഇ.ബി.യുടെ സ്ഥലവുമായി ബന്ധപ്പെട്ട തർക്കത്തിന്മേൽ ഹൈക്കോടതിയുടെ സ്റ്റേ ഓർഡർ ലഭിച്ചതിനാലാണ് പ്രവൃത്തി നിർത്തിവച്ചത്. കേസുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കേണ്ടത് റവന്യൂ വകുപ്പിൽ നിന്നാണ്.<br>ബി) ആർക്കിയോളജി വകുപ്പ് സ്റ്റോപ് മെമ്മോ നൽകിയിരിക്കുകയാണ്. പ്രസ്തുത വകുപ്പിന്റെ അനുമതി ലഭിച്ചാൽ നിർമ്മാണം തുടരാവുന്നതാണ്. |
| 5 | ഇടുക്കി | 1. എക്സൈസ് ഓഫീസ്, തങ്കമണി<br>2. മുട്ടം ഗവ.പോളിടെക്നിക്ക് സ്റ്റാഫ് ക്വാർട്ടേഴ്സ്<br>3. പെരിങ്ങാശ്ശേരി ട്രൈബൽ എച്ച്.എസ്.<br>4. ഗവ.കോളേജ് മൂന്നാർ- ഡോർമെറ്ററി<br>5. ഗവ.കോളേജ് മൂന്നാർ- ലൈബ്രറി കം കമ്പ്യൂട്ടർ ലാബ്<br>6. ഗവ.കോളേജ് മൂന്നാർ- അക്കാഡമിക് ന്യൂ ബ്ലോക്ക് | 1,2,3 പ്രവൃത്തികൾ കോൺട്രാക്ടേഴ്സ് റിസ്ക് & കോസ്റ്റിലൂടെ പ്രവൃത്തികൾ പുനർ ടെണ്ടർ നടത്തിയിട്ടുണ്ട്. 4,5,6 പ്രവൃത്തികൾ പ്രകൃതി ക്ഷോഭം മൂലം നിലവിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തേണ്ടതില്ല എന്നുള്ള അറിയിപ്പ് മൂലം പുനർ നടപടികൾ സ്വീകരിച്ചിട്ടില്ല. |
| 6 | പാലക്കാട് | പാലക്കാട് ജില്ലാ പ്ലാനിംഗ് കമ്മിറ്റിയുടെ കെട്ടിട നിർമ്മാണം | ആർക്കിയോളജിക്കൽ ഡിപ്പാർട്ട്മെന്റിൽ നിന്നും അനുമതി ലഭിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്. |
| 7 | കാസർഗോഡ് | ജി.എച്ച്.എസ്.എസ് ബേക്കൂറിനു വേണ്ടി 7 ക്ലാസ് റൂമുകളുള്ള കെട്ടിട നിർമ്മാണം | ഹൈക്കോടതിയിലുള്ള WP(C)No.8174/2017 കേസ് 04/12/2018 തീയതി തീർപ്പാക്കിയിട്ടുണ്ട്. വിധി പകർപ്പ് ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**